മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഒടുവിലത്തെ എ. ബി. സി. കണക്ക് അനുസരിച്ച് ഏറ്റവും പ്രചാരമുള്ള പത്രങ്ങൾ താഴെ പറയുന്നവയാണ്.

1. മാതൃഭൂമി—1,37,477. †
2. മലയാളമനോരമ—1,32,332.
3. കേരളകൗമുദി—64247.

Note: ഈ മൂന്ന പത്രങ്ങൾക്ക് പുറമേ താഴെ പറയുന്ന മൂന്നുപത്രങ്ങളുടെ സർക്കുലേഷനും എ. ബി. സി. കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ദീപിക—24,357
2. മലയാളരാജ്യം—21,208
3. എക്സ്പ്രസ്—17,204

കേരളത്തിലെ മറ്റു ദിനപ്പത്രങ്ങളിൽ ചിലതിനു് ഈ മൂന്നുപത്രങ്ങളെക്കാൾ കൂടുതൽ പ്രചാരമുള്ളതായിക്കാണുന്നു. പക്ഷേ അവയുടെ സർക്കുലേഷൻ ഔദ്യോഗികമായി സ്വീകരിക്കപ്പെട്ടിട്ടില്ല.

ഉദാ: ദേശാഭിമാനി—23,000

† എറണാകുളത്തും കോഴിക്കോട്ടും അച്ചടിക്കുന്ന പ്രതികളുടെ തുക.

പ്രൈവറ്റ് സെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ പ്രൊവിഡൻറ് ഫണ്ട്

✻ 283. [25] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പ്രൈവറ്റ് സെക്കൻഡറി സ്കൂൾ അദ്ധ്യാപകന്മാരുടെ പ്രൊവിഡൻറ് ഫണ്ടു് പദ്ധതി നടപ്പാക്കുന്നതിലുള്ള കാലതാമസത്തിനു് കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

പ്രൊവിഡൻറ് ഫണ്ടു് സ്കീം നടപ്പാക്കുന്നതിനുള്ള സത്വരനടപടി ഡിപ്പാർട്ടുമെൻറു് എടുത്തുവരുന്നുണ്ടു്.

ഈ. എസ്. ഐ. തൊഴിലാളികൾക്കു് ആശുപത്രികൾ.

✻ 284. [27] ശ്രീ. പി. ബാലചന്ദ്രമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ. എസ്. ഐ. തൊഴിലാളികൾക്കായി സ്റ്റേറ്റിൽ എത്ര ആശുപത്രികൾ നിർമ്മിച്ചിട്ടുണ്ടു് ;

(ബി) നടപ്പുവർഷത്തിൽ എത്രയെണ്ണം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു് ;

(സി) ഇന്നു നിലവിലുള്ള ബഡ്ഡുകളുടെ എണ്ണം അപര്യാപ്തമാണെന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ. എസ്. ഐ. തൊഴിലാളികൾക്കായി സ്റ്റേറ്റിൽ ആകെ എത്ര ബഡ്ഡുകൾ ഉണ്ടു് ;

(ഇ) ക്ഷയരോഗാശുപത്രികളിൽ എത്ര ബഡ്ഡുകൾ ഉണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ഈ. എസ്. ഐ. തൊഴിലാളികൾക്കായി പുലയനാർകോട്ട, ടി. ബി. ആശുപത്രിയിൽ 24 ബഡ്ഡുള്ള ഒരു വാർഡ് നിർമ്മിച്ചിട്ടുണ്ട് കൊല്ലത്ത് (ആശ്രാമം) 100 ബഡ്ഡ് ഉള്ളതും (ആലപ്പുഴ ബീച്ച് വാർഡ്) 50 ബഡ്ഡ് ഉള്ളതും, മുളംകുന്നത്തുകാവിൽ 100 ടി. ബി. ബഡ്ഡുള്ളതുമായ ആശുപത്രികളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) ചുവടെ ചേർത്തിട്ടുള്ള സ്ഥലങ്ങളിൽ ആശുപത്രികൾ നിർമ്മിക്കുവാനായി നടപടികൾ എടുത്തുവരുന്നു.

		ബഡ്ഡ്.	
1	തിരുവനന്തപുരം	30	
2	കണ്ണറ—കൊട്ടാരക്കര	100	ടി. ബി.
3	ടി	150	
4	പുനലൂർ	25	
5	ആലപ്പുഴ	80	ടി. ബി.
6	കോട്ടയം	25	
7	ടി	80	ടി. ബി.
8	ഉദ്യോഗമണ്ഡൽ	120	
9	എറണാകുളം	50	
10	തൃശ്ശൂർ (അളഗപ്പനഗർ)	60	
11	കോഴിക്കോട് (ചെറുവണ്ണൂർ)	100	
12	ടി	80	ടി. ബി.
13	കണ്ണൂർ	60	
14	ടി	80	ടി. ബി.

(സി) ഈ. എസ്. ഐ. കാർപ്പറേഷന്റെ നിശ്ചിത സ്കെയിലനുസരിച്ച് ഈ. എസ്. ഐ. രോഗികൾക്കായി ബഡ്ഡുകൾ റിസർവ്വ് ചെയ്തിട്ടുണ്ട്. എന്നാൽ ചില അവസരങ്ങളിൽ ആശുപത്രികളിൽ റിസർവ്വ് ചെയ്തിട്ടുള്ള ചില ബഡ്ഡുകൾ രോഗികളില്ലാതെ ഒഴിച്ചിടേണ്ടതായിവരുന്നു. മറ്റു ചില അവസരങ്ങളിൽ റിസർവ്വ് ചെയ്ത ബെഡ്ഡുകൾ അപര്യാപ്തമാകാറുണ്ട്. അങ്ങനെയുള്ള അവസരങ്ങളിലും രോഗികളെ കിടത്തി ചികിത്സിച്ചുവരുന്നു.

(ഡി) ഈ. എസ്. ഐ. തൊഴിലാളികൾക്കായി സ്റ്റേറ്റിൽ ആകെ 201 ബഡ്ഡുകൾ റിസർവ്വുചെയ്തിട്ടുണ്ട്. ആകെ 12907 ബഡ്ഡുകളുള്ള ആശുപത്രികൾ പണിയാൻ നടപടികൾ എടുത്തുകഴിഞ്ഞു.

(ഇ) ക്ഷയരോഗാശുപത്രികളിൽ 717 ബഡ്ഡുകൾ റിസർവ്വ് ചെയ്തിട്ടുണ്ട്.

Memoranda on problems relating to Aided School Teachers.

* 285. [36] **Shri K. Chandrasekharan :** Will the Chief Minister be pleased to state :

(a) have Government received Memoranda on problems relating to Aided School Teachers containing representations made by the Kerala Aided Primary Teachers Association ;

(b) has the President of the Association met the Chief Minister and discussed the problems ;

LIBRARY ARCHIVES Kerala Legislative Assembly